(ബി) സെന്ററിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന് കൊയിലാണ്ടി നഗരസഭ അറിയിച്ചിട്ടും സർക്കാരിന്റെ ഭാഗത്തു നിന്ന് അനുകൂല നടപടികൾ ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് സോണൽ ഓഫീസർ ഈ വിഷയത്തിൽ സർവ്വേ നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നത് ഗുണകരമാകുമെന്നാണ് സാധ്യതാ പഠനത്തിലൂടെ വെളിപ്പെട്ടത്. എന്നാൽ ഒരു ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും, ബന്ധപ്പെട്ട നഗരസഭയോ, ഗ്രാമപഞ്ചായത്തോ ഒരുക്കി തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് മാത്രമായി പ്രതിമാസം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.ക്ക് ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒരു തരത്തിലുമുള്ള ബാധ്യതയും ഏറ്റെടുക്കാൻ കഴിയാത്തതിനാൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(സി) കോഴിക്കോട് സോണൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കോഴിക്കോട് സോണൽ ഓഫീസർ കെ.എസ്.ആർ.ടി.സി. ജനറൽ മാനേജർക്ക് സമർപ്പിച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹം

252 (3359) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം സർവ്വീസുള്ള കെ.എസ്.ആർ.ടി.സി. എം-പാനൽ ജീവനക്കാർ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2012-ലെ കരാറിൽ ഇതുമായി ബന്ധപ്പെട്ട് എന്തു വ്യവസ്ഥയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2012-ലെ കരാർ അടിസ്ഥാനമാക്കി രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കേരള ഹൈക്കോടതിയുടെ WP(c) No. 3225 of 2016 (c) ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഞ്ച് വർഷം പൂർത്തീകരിച്ച എം-പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഒരു വർഷത്തിനുള്ളിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുമെന്നതാണ് വ്യവസ്ഥ.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ ഭൂരിഭാഗം തസ്തിക കളിലേക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

കർണ്ണാടകത്തിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ

253 (3360) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർണ്ണാടകത്തിലേക്ക് എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ; അതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർണ്ണാടക സംസ്ഥാനവുമായി 2009-ൽ ഒപ്പുവച്ച അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പെർമിറ്റ് കരസ്ഥമാക്കുവാൻ ബാക്കി ഉണ്ടായിരുന്ന 17 റൂട്ടുകളിലെ പെർമിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരസ്ഥമാക്കിയിട്ടുണ്ട്. ഇവയിൽ ചിലത് ചില ദിവസങ്ങളിൽ ബസ്സിന്റെ കുറവുമൂലം ഓപ്പറേറ്റ് ചെയ്യാറില്ല. എന്നാൽ ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly